I/172639/2024

**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

**<u>തിരുവനന്തപുരം</u>**

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം:- ഡോ.ജുമാൻ സി പി അസിസ്റ്റൻറ് സർജൻ പോത്തുകാൽ കുടുംബാരോഗ്യ കേന്ദ്രം മലപ്പുറം - സ്ഥലം മാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു,

പരാമർശം:- നോട്ട് നം .ഇവി1-5500/2024/ആ.വ.ഡ തിയതി:03.03.2024

**<u>ഉത്തരവ് നം. ഇ.എ2-2/2024 /ആ.വ.ഡ തീയതി:11-03-2024</u>**

മലപ്പുറം ജില്ലയിലെ പോത്തുകാൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ മഞ്ഞപ്പിത്തരോഗ കേസുകൾ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാതല **Rapid Response Team** പ്രസ്തുത സ്ഥലം സന്ദർശിച്ചു അന്വേഷണം നടത്തിയിതിൽ പോത്തുകാൽ കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഡോ.ജുമാൻ സി പി പെൻ.599196 പ്രതിരോധ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയതായി ജില്ലാമെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുണ്ട്. ടിയാനെ പ്രസ്തുത സ്റ്റേഷനിൽ തുടരുവാൻ അനുവദിക്കുന്നത് അഭികാമ്യമായി കാണുന്നില്ല.

ടി സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ പോത്തുകാൽ കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഡോ .ജുമാൻ സി പി യെ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്ക് ആസ്ഥാന ആശുപത്രിയിലെ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് അച്ചടക്ക നടപടിക്ക് വിധേയമായി ഉടൻ പ്രാബല്യത്തിൽ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

Signed by
Dr Reena K J
Date: 11-03-2024 12:07:43
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ.ജുമാൻ സി പി അസിസ്റ്റൻറ് സർജൻ പോത്തുകാൽ കുടുംബാരോഗ്യ കേന്ദ്രം മലപ്പുറം

പകർപ്പ് :

1. ജില്ലാ മെഡിക്കൽ ആഫീസർമാർ (ആരോഗ്യം), മലപ്പുറം/പാലക്കാട്
2. അക്കൗണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. ബന്ധപ്പെട്ട സൂപ്രണ്ട്/ മെഡിക്കൽ ആഫീസർമാർ
4. ഫയൽ/ കരുതൽ ഫയൽ.

I/172639/2024